# തൂലിക


Newsletter of
Jesus Youth
Dubai

Issue 542
16 November 2018
www.thoolikaa.net




**അനുകരിക്കാം**
**വിശുദ്ധ ജീവിതങ്ങളെ...**
**മാറുന്ന ലോകത്തിൽ**
**വ്യത്യസ്തരാകാൻ...**

*പേജ്... 4*

''കർത്താവിനെ സ്തുതിക്കുവിൻ;
കർത്താവിനു പുതിയ കീർത്തനം ആലപിക്കുവിൻ;
വിശുദ്ധരുടെ സമൂഹത്തിൽ അവിടുത്തെ പാടിപ്പുകഴ്ത്തുവിൻ.''

സങ്കീ. 149:01

ലക്കം 542
2018 നവംബർ 16

# തൂലിക

## ജീസസ് യൂത്ത് ദുബായിയുടെ വാരാന്ത്യ പതിപ്പ്

http://thoolikaa.net

ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| കാർട്ടൂൺ | 05 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| അനുഭവ സാക്ഷ്യം | 07 |
| യൂകാറ്റ് കോർണർ | 08 |
| ഹൃദ്യസ്ഥമാക്കാൻ ഒരു വചനം | 09 |
| അറിയിപ്പുകൾ | 10 |




## സോണൽ കൂട്ടായ്മകൾ

| | |
|---|---|
| കരാമ | നിഷ 056 4897592 |
| | ശനി 8:30 pm 9:30 pm |
| ബർദുബായ് | റോബിൻ 050 9528192 |
| | ശനി 8:30 pm 9:45 pm |
| ലുലുവില്ലേജ് | ആൻസി 052 7539188 |
| | ഞായർ 8:30 pm 10:00 pm |
| അൽനാഹ്ദ | ജോസഫ് ജോൺ 050 5642090 |
| | ബുധൻ 8:15 pm 10:00 pm |
| അൽഖിസൈസ് | ജസ്റ്റിൻ 055 799 5582 |
| | ശനി 8:30 pm 10:00 pm |
| സോനാപൂർ | ഫ്രാൻസിസ് 055 2631672 |
| | ബുധൻ 8:30 pm 10:00 pm |
| അൽഖൂസ് | ഡയസ് 050 9197658 |
| | ബുധൻ 8:15 pm 9:30 pm |
| റാഷിദിയ | ലിജോ കുരുവിള 050 9414120 |
| | തിങ്കൾ 8:30 pm 09:30 pm |

| | |
|---|---|
| മുത്തീന | ഷാഫി 055 2857170 |
| | ബുധൻ 8:00 pm 9:30 pm |
| അൽബറാഹ | ക്രിസ്റ്റി 055 4741102 |
| | ഞായർ 8:30 pm 9:45 pm |
| സത്വ | തോമസ് 050 8761385 |
| | ഞായർ 8:15 pm 9:30 pm |
| ഹോർ അൽ ആൻസ് | |
| | ബിനീഷ് 055 7484850 |
| | ശനി 8:15 pm 9:45 pm |
| ഇന്റർനാഷ്ണൽ | ഷോൺ 055 7135314 |
| സിറ്റി | ചൊവ്വ 8:30 pm 10:00 pm |
| സിലികോൺ | ജോർമ്മി 052 9783044 |
| ഒയാസിസ് | വ്യാഴം 10:00 pm 11:00 pm |

## മൊഴിമുത്തുകൾ

**"വിശുദ്ധിയെന്നത് കുറച്ചു വ്യക്തികൾക്കു മാത്രമുള്ള സുഖഭോഗ വസ്തുവല്ല. പിന്നെയോ എനിക്കും നിങ്ങൾക്കുമുള്ള ലളിതമായ ഒരു കടമയാണ്".**

കൽക്കത്തയിലെ വിശുദ്ധ തെരേസ

# തെളിയിക്കാം...
# കാരുണ്യത്തിന്റെ തിരിനാളം...

ചെറുപ്പകാലത്ത് വേദപഠനക്ലാസ്സിൽ നിന്നാണ് ആദ്യമായി വിശുദ്ധരെ കുറിച്ച് കേട്ടുതുടങ്ങിയത്. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയും വിശുദ്ധ ഫ്രാൻസിസ് സേവ്യറുമെല്ലാം അന്നുമുതലേ ഹൃദയത്തിൽ ഇടം നേടിയ വിശുദ്ധ വ്യക്തിത്വങ്ങളാണ്. ദൂരെയേതോ നാട്ടിൽ ജനിച്ച്, സ്വന്തം ജീവിതം അപരന് പകുത്തു നൽകികൊണ്ട് വിശുദ്ധിയുടെ പടികൾ ചവിട്ടിക്കയറിയ ആ പുണ്യാത്മാക്കൾ ആ കാലംതൊട്ടേ മനസ്സിൽ എവിടെയോ ദൈവസ്നേഹത്തിന്റെ തിരിവെട്ടം തെളിച്ചിരുന്നു.

ഒരുപാട് വർഷങ്ങൾക്കു ശേഷം ഇന്ന് 2018ന്റെ നിറവിൽ നിൽക്കുമ്പോൾ വിശുദ്ധർ എന്നത് നമ്മിൽ നിന്നും അകലെ നിൽക്കുന്ന വ്യക്തിത്വങ്ങൾ അല്ലായെന്ന് തെളിഞ്ഞുകൊണ്ടേയിരിക്കുന്നു. ഈ നൂറ്റാണ്ടിൽ നമ്മുടെ മാതൃരാജ്യത്തിൽ ജീവിച്ചുകൊണ്ട് ദൈവസന്നിധിയിലേയ്ക്ക് കടന്നുപോയ നമ്മുടെയൊക്കെ പ്രിയപ്പെട്ട കൽക്കട്ടായിലെ വിശുദ്ധ മദർ തെരേസയും നമ്മുടെ കേരളത്തിൽ നിന്നും വിശുദ്ധ പദവിയിലെത്തിയ അൽഫോൻസാമ്മയും എവുപ്രാസ്യാമ്മയും ചാവറയച്ചനുമൊക്കെ നമുക്കു മുമ്പിൽ തെളിയിച്ചു തരുന്ന ഒരു യാഥാർത്ഥ്യമുണ്ട്. വിശുദ്ധിയിലേയ്ക്കുള്ള വിളി നമ്മിൽ നിന്നും ഒട്ടും അകലെയല്ല എന്ന സത്യം... അവർ ഓരോരുത്തരും തങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ ജീവിച്ചുകൊണ്ട് ലോകത്തിന്റെ മോഹങ്ങൾക്ക് അനുരൂപരാകാതെ ദൈവത്തിന്റെ സ്നേഹത്താൽ നിറഞ്ഞുകൊണ്ട് അനേകർക്ക് മാർഗ്ഗദീപം തെളിയിച്ചു. അവർ ആരും തന്നെ വിശുദ്ധർ എന്ന് വിളിക്കപ്പെടണം എന്ന ലക്ഷ്യത്തോടെ ജീവിച്ചവർ ആകില്ല. എന്നാൽ **"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത് "**(മത്തായി 25:40) എന്ന തിരുവചനം മനസ്സിൽ സൂക്ഷിച്ചുകൊണ്ട് മറ്റുള്ളവരിൽ ക്രിസ്തുവിനെ ദർശിക്കുക മാത്രമാണ് അവർ ചെയ്തത്.

പ്രിയ സഹോദരങ്ങളെ, നമുക്കും നമ്മുടെയിടയിൽ വേദനിക്കുന്നവർക്കിടയിലേയ്ക്ക് ഇറങ്ങിചെല്ലാം... ജ്വലിക്കുന്ന ആത്മാവും ദൈവസ്നേഹം തുടിക്കുന്ന ഹൃദയവുമായി അപരന്റെ കണ്ണീരൊപ്പാൻ, അവന്റെ നെഞ്ചകത്തിന്റെ നൊമ്പരം ഹൃദയത്തിലേറ്റു വാങ്ങാൻ നമുക്കും മറ്റൊരു ക്രിസ്തുവായി മാറാം. വിശുദ്ധിയുടെ പടവുകൾ നമ്മിൽ നിന്നും ഒട്ടും അകലെയല്ല എന്ന ബോധ്യം എന്നും നമുക്ക് മുറുകെപ്പിടിക്കാം. വിശുദ്ധരാകാൻ വിളിക്കപ്പെട്ട പ്രിയപ്പെട്ടവർക്ക് ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ട്...

സ്നേഹപൂർവ്വം
റിജോ മണിമല
എഡിറ്റർ

# ഉദ്ദിഷ്ടകാര്യത്തിന് ഉപകാര സ്മരണ.

ഒരു വൈദികന്റെ അനുഭവക്കുറിപ്പ് വയിച്ചതോർക്കുന്നു. ആ ഇടവക ഈശോയുടെ തിരുഹൃദയ നാമധേയത്തിലുള്ളതാണ്. എന്നാൽ ആ നാട്ടിലെ പ്രധാനതിരുന്നാൾ വി. സെബസ്ത്യാനോസിന്റെ അമ്പു പെരുന്നാളാണ്. ഇടവകയുടെ സാമ്പത്തികസ്ഥിതിയും എല്ലാം പരിഗണച്ച് എല്ലാ തിരുന്നാളുകളും ഒന്നിച്ചാണ് നടത്തുന്നത്. അതുകൊണ്ട് അവിടുത്തെ തിരുന്നാൾ ഈശോയുടെ തിരുഹൃദയത്തിന്റെയും വി. അന്തോണീസിന്റെയും. വി. സെബസ്ത്യാനോസിന്റെയും സംയുക്ത തിരുന്നാൾ ആണ് . ആഘോഷങ്ങൾ തകൃതിയായി നടക്കുന്നു. വി. കുർബാനക്കു ശേഷം പ്രദക്ഷിണം ഇറങ്ങി. മൂന്നു രൂപങ്ങളും എടുത്തുള്ള ആഘോഷമായ പ്രദക്ഷിണം. രൂപം പുറത്തേക്കിറങ്ങിയപ്പോൾ കാർമ്മികനായ ഈ വൈദികനും നിന്നു. പെട്ടന്ന് മുന്നിൽ വി.സെബസ്ത്യാനോസിന്റെ രൂപവുമായി നിന്നവർ പുറകിലേക്ക് വന്നു. കാർമ്മികന് അൽപം പുറകോട്ട് മാറി കൊടുക്കേണ്ടി വന്നു. അങ്ങനെ മുമ്പിൽ വി. അന്തോണീസ്, അതിന്റെ പുറകിൽ തിരുഹൃദയം പിന്നെ വി. സെബസ്ത്യനോസ് എന്ന ക്രമത്തിലായി രൂപങ്ങളുടെ നിൽപ്. അപ്പോൾ അവിടെയെത്തിയ വികാരിയച്ചൻ ഉറക്കെ നിർദേശം കൊടുത്തു. ഏറ്റവും പ്രധാനരൂപമാണ് ഏറ്റവും പുറകിൽ വരേണ്ടത്. അതുകൊണ്ട് ഈശോയുടെ തിരുഹൃദയം പുറകിൽ വരട്ടെ. ആ രൂപം വഹിച്ചിരുന്നവർ പുറകിൽ വന്നു. കാർമ്മികൻ അൽപ്പം പുറകോട്ട് മാറി. എന്നാൽ വികാരിയച്ചൻ അവിടെനിന്നു പോയി എന്നുറപ്പായപ്പോൾ വി.സെബസ്ത്യാ- നോസിന്റെ രൂപം വഹിച്ചിരുന്നവർ പെട്ടന്ന് പുറകോട്ട് വന്നു. രൂപത്തിന് അടുത്ത് നിന്നവർ ഒരു പ്രസ്താവനയും ഇറക്കി. ഏറ്റവും പ്രധാന രൂപമാണ് പുറകിൽ നിൽക്കേണ്ടതെങ്കിൽ ഇങ്ങനെയല്ലേ നിൽക്കേണ്ടത്. വികാരിയച്ചന്റെ നിർദ്ദേശപ്രകാരം പുറകിലെത്തിയ തിരുഹൃദയ വാഹകർക്ക് അത് അത്ര ഇഷ്ടപ്പെട്ടില്ല. അവർ നേരേ പുറകിലേക്ക് വന്നു. ചുരുക്കത്തിൽ പ്രദക്ഷിണം മുമ്പോട്ടു പോകുന്നതിനു പകരം പുറകോട്ട് പോയിത്തുടങ്ങി. ഇതിന്റെ ഇടയിൽ ഒരു പ്രശ്നത്തിനുമില്ല എന്നു കരുതിയ അന്തോണീസ് പുണ്യാളനും ഈ പുറകോട്ടു പോകലിന്റെ അസുഖം ആരംഭിച്ചു. അവസാനം പ്രദക്ഷിണത്തിന്റെ ഈ സ്ഥലം ഈശോയുടെ തിരുഹൃദയവും സെബസ്ത്യാനോസു പുണ്യാളനും. അന്തോണീസ് പുണ്യാളനും തമ്മിലുള്ള ബലാബലം വിളിച്ചോതുന്ന ഗോദയായി മാറി രൂപങ്ങളുടെ ഈ മത്സരത്തിനിടക്ക് ഒരു തവണ ഇവ തമ്മിൽ കൂട്ടിമുട്ടി. എങ്ങനെ സംഭവിച്ചു എന്നറിയില്ല. ഈശോയുടെ തിരുഹൃദയം താഴെ വീണു. പെട്ടന്ന് രംഗം ശാന്തമായി. പക്ഷെ തിരുഹൃദയരൂപം



എടുത്തപ്പോൾ വലതു കൈ ഒടിഞ്ഞിരുന്നു. ആപ്രദക്ഷിണം എങ്ങനെ അവസാനച്ചു എന്ന് പറയേണ്ടതില്ലല്ലോ.

പ്രിയപ്പെട്ടവരേ, സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുന്ന മാസമാണ് നവംബർ മാസം. വിശുദ്ധരും അവരുടെ വണക്കങ്ങളും ആയി ബന്ധപ്പെട്ടുള്ള നമ്മുടെ ചില രീതികളുടെ ഉദാഹരണമാണ് മേൽ വിവരിച്ച അനുഭവക്കുറിപ്പ്. വി.കുർബാനയിൽ പങ്കു കൊള്ളാതെ നൊവേനകളിൽ മാത്രമായി പങ്കെടുക്കുന്ന ചില ഇടദിവസക്രിസ്ത്യാനികളും വീട്ടിൽ സന്ധ്യാ പ്രാർത്ഥന കുടുംബങ്ങളോടൊത്ത് നടത്താതെ കട്ടിലിൽ കയറിയിരുന്ന് ബൈബിളിൽ കുത്തിനിറച്ച് വച്ചിരിക്കുന്ന ഉദ്ദിഷ്ടകാര്യ പ്രാർത്ഥനാ കാർഡുകൾ കൊണ്ട് രാത്രിയാരാധനകൾ നടത്തുന്ന അൽപവിശ്വാസിയും ഇതിന്റെ മറ്റൊരു ചിത്രമാണ്. എന്തിനേറെ, സമീപകാലത്ത് നമ്മുടെ കേരളസഭയിൽ കടന്നു വന്നിരിക്കുന്ന നൊവേനയും നേർച്ചകളുടെ രീതികളും ഈ പ്രവണതയാണ് കാണിച്ചു തരുന്നത്.

**<u>ഇടവകമദ്ധ്യസ്ഥൻ ജീവിതത്തിലേക്ക് ഇറങ്ങി വരട്ടെ.</u>**

കത്തോലിക്കാസഭ വിശുദ്ധരെ പ്രഖ്യാപിക്കുന്നത് ക്രിസ്തുവിനു വേണ്ടിയുള്ള അവരുടെ ത്യാഗോജ്ജ്വല ജീവിതം കണ്ടിട്ടാണ്. തങ്ങളായിരുന്ന സമൂഹത്തിൽ അവർ കൈക്കൊണ്ട നിലപാടുകൾ അത് ജീവിതത്തിൽ പ്രാവർത്തികമാക്കാൻ അവർ കാണിച്ച ഉത്സാഹം. ഈശോയുടെ സ്നേഹം ഉള്ളൽ നിറഞ്ഞപ്പോൾ പരിശുദ്ധാത്മ ശക്തിയാൽ കത്തിയെരിഞ്ഞ തീ പന്തങ്ങൾ. ഈ വ്യത്യസ്തതകൾ ആണ് പിൽക്കാലത്ത്

തുടർച്ച... പേജ് 8

## കാർട്ടൂൺ



## സ്കോട്ട്ലാന്റിലെ
## വി. മാർഗ്ഗരറ്റ് രാജ്ഞി (1046-1093)



1046-ൽ ഇംഗ്ലണ്ടിലെ രാജാവായ വി. എഡ്വേർഡിന്റെ സഹോദരപുത്രിയായി മാർഗരറ്റ് ജനിച്ചു. പേരു സൂചിപ്പിക്കുന്നതുപോലെ അവൾ അമൂല്യമായ ഒരു പവിഴം തന്നെയായിരുന്നു. രാജകൊട്ടാരത്തിലാണു വളർന്നതെങ്കിലും ലൗകീകതയിൽനിന്ന് വിമുക്തമായ ഒരു ജീവിതമായിരുന്നു മാർഗ്ഗരറ്റിന്റേത്.

1057-ൽ സ്കോട്ട്ലാന്റിലെ മാൽക്കോം രാജാവ് മാർഗ്ഗരറ്റിനെ വിവാഹം ചെയ്തു. പരുക്കൻ സ്വഭാവക്കാരനായിരുന്നു മാൽക്കോം. മാർഗ്ഗരറ്റിന്റെ സാന്നിദ്ധ്യം അയാളുടെ സ്വഭാവത്തെ വളരെ വ്യത്യാസപ്പെടുത്തി. ഭരണകാര്യങ്ങളിൽ മാർഗ്ഗരറ്റിന്റെ ഉപദേശം തേടാൻ പോലും അയാൾ സന്നദ്ധനായി. പ്രാർത്ഥനയ്ക്കോ ദൈവസാന്നിദ്ധ്യസ്മരണയ്ക്കോ കുറവു വരുത്താതെ ഭർത്താവിനെ എല്ലാ കാര്യങ്ങളിലും സഹായിച്ചിരുന്നു. അവരുടെ ദാമ്പത്യ വല്ലരിയിൽ എട്ടു മലരുകൾ വിരിഞ്ഞു. എല്ലാവരെയും മാർഗ്ഗരറ്റ് ദൈവഭക്തിയിൽ വളർത്തി.

രാജ്യം മുഴുവനും തന്റെ കുടുംബമാണെന്ന് രാജ്ഞി കരുതിയിരുന്നു. എല്ലാമനുഷ്യരോടും ദൈവീകമായ സ്നേഹം പുലർത്തിപ്പോന്നു. മതകാര്യങ്ങളിൽ അതീവ ശ്രദ്ധചെലുത്തിയിരുന്നു. ആഗമനകാലത്തും വലിയ നോമ്പിലും അനുദിനം 300 ദരിദ്രരെ വിളിച്ച് രാജദമ്പതികൾ അവർക്കു ഭക്ഷണം വിളമ്പി കൊടുത്തിരുന്നു. വിദേശികൾക്കു വേണ്ടി രാജ്ഞി ആശുപത്രികൾ സ്ഥാപിക്കുകയുണ്ടായി.

പാതിരാത്രിയിൽ എഴുന്നേറ്റു പ്രാർത്ഥിക്കുക മാർഗ്ഗരറ്റിന്റെ പതിവായിരുന്നു. രാവിലെ ദിവ്യബലി കഴിഞ്ഞു വരുമ്പോൾ ആറു ദരിദ്രരുടെ പാദങ്ങൾ കഴുകി അവർക്കു ധർമ്മം കൊടുത്തയച്ച ശേഷമാണ് മറ്റു കർമ്മങ്ങൾക്കു പോയിരുന്നത്. വളരെ ലളിതവും തുച്ഛവുമായിരുന്നു സ്വന്തം ആഹാരം.

മാൽക്കോം രാജാവ് സമാധാന പ്രേമിയായിരുന്നു. തത്സമയം സമർത്ഥനായ ഒരു പോരാളിയും. ഒരു ഇംഗ്ലീഷ് സൈന്യം അദ്ദേഹത്തിനു കീഴടങ്ങി. ആൽവിക്കു മാളികയുടെ താക്കോൽ രാജാവിന് സമർപ്പിക്കുന്ന സമയത്ത് അപ്രതീക്ഷിതമായി ഇംഗ്ലീഷ് പടയാളികൾ അദ്ദേഹത്തെ കുത്തിക്കൊന്നു. തുടർന്നുണ്ടായ യുദ്ധത്തിൽ മകൻ എഡ്ഗാറും മരിച്ചു. ദൈവതിരുമനസ്സിനു കീഴ്പ്പെട്ടുകൊണ്ട് രോഗിണിയായിരുന്ന രാജ്ഞി എല്ലാം സഹിച്ചു. താമസിയാതെ രാജ്ഞിയുടെ രോഗം ശക്തിപ്പെട്ടു. ബോധപൂർവ്വം രോഗീലേപനവും തിരുപാഥേയവും സ്വീകരിച്ചു. "കർത്താവായ ഈശോ, അങ്ങ് മരിച്ചുകൊണ്ട് ലോകത്തെ രക്ഷിച്ചുവല്ലോ; എന്നെ രക്ഷിക്കണമേ" എന്നുരുവിട്ടുകൊണ്ട് രാജ്ഞി അന്ത്യശ്വാസം വലിച്ചു. 1250-ൽ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടു.

ആത്മാവ് വേർപെടുമ്പോൾ ശരീരം മരിക്കുന്നു. ദൈവം വേർപിരിയുമ്പോൾ ആത്മാവ് മരിക്കുന്നു എന്ന് വി. അഗസ്തിനോസ് പറയുന്നു.

ലൗകീകാഡംബരങ്ങൾക്കിടയിലും പുണ്യജീവിതം നയിക്കാൻ ദിവ്യകാരുണ്യം ശക്തമായ തുണയാണെന്ന് വി. മാർഗ്ഗരറ്റിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

ജോസ്മോൻ ജോസഫ്



# ദിവ്യകാരുണ്യത്തിന്റെ ചാരെ...



2013 ഒക്ടോബർ മാസം 15-ാം തിയതിയാണ് ഞാൻ ദുബായിൽ ആദ്യമായി വിസിറ്റ് വിസയിൽ എത്തുന്നത്. ഇവിടേക്ക് എത്തുന്നതിനു മുമ്പ് ജൂലൈ മാസം ഞാനൊരു ധ്യാനം കൂടുവാനിടയായി. തിരക്കിട്ട ജോലിയന്വേഷണത്തിന്റെ നാളുകളിൽ പള്ളിയിലൊക്കെ ചുരുക്കം ചില ദിവസങ്ങളിൽ മാത്രമേ പോയിരുന്നുള്ളൂ. എന്നെ ഇവിടെ വിസിറ്റിൽ കൊണ്ടു വന്ന അങ്കിൾ നിരന്തരം നിർബന്ധിക്കുമായിരുന്നെങ്കിലും മടിമൂലം ഞാൻ എപ്പോഴും നിരസിച്ചിരുന്നു. ഈ അവസരത്തിൽ കുറേ ദിവസങ്ങൾക്ക് ശേഷം എനിയ്ക്കൊരു ഇന്റർവ്യുകോൾ വരുകയും ഡിസംബർ മാസം ആദ്യ ആഴ്ച്ചയിൽ ജോലിയുടെ ഭാഗമായി ഖത്തറിലേക്ക് യാത്രയാവുകയും ചെയ്തു. കമ്പനിയുടെ ജോബ് കോൺട്രാക്ടറ്റനുസരിച്ച് മൂന്നുമാസത്തെ പ്രോജക്റ്റിനുശേഷം തിരികെ ദുബായിലുള്ള കമ്പനിയിൽ ജോലി തുടരാം എന്നതായിരുന്നു വ്യവസ്ഥ.

ഖത്തറിലേക്ക് പോയ ഞാൻ അവിടെ തീർത്തും ഒറ്റപ്പെട്ട സാഹചര്യത്തിലായിരുന്നു. മനസ്സിനാകെ വിഷമം തോന്നുന്ന അവസ്ഥയിലായിരുന്നു എപ്പോഴും എന്റെ ജോലി. കൂടാതെ കമ്പനിയിൽ നിന്നുള്ള ഒറ്റപ്പെടലും, ഭയവും അപകർഷതാബോധവും ഞെരുക്കങ്ങൾക്കുമിടയിൽ അപ്പാടെ വലഞ്ഞ ഞാൻ എങ്ങോ മറന്നുപേക്ഷിച്ച പോയ എന്റെ ഈശോയെ തേടുവാൻ ഞാനാരംഭിച്ചു. ഒന്നര മണിക്കൂർ യാത്രാ ദൈർഘ്യമുള്ള പള്ളിയിൽ എല്ലാ വെള്ളിയാഴ്ച്ചകളിലും പോകുവാനാരംഭിച്ചു. ജോലിയിലെ പ്രശ്നങ്ങൾ ദൈവസന്നിധിയിൽ സമർപ്പിച്ച് സംതൃപ്തി നേടിയ ദിവസങ്ങളായിരുന്നു അത്. എങ്കിലും, തുടർന്നും മെയിൻ കോൺട്രാക്റ്റിംങ്ങ് കമ്പനിയുടെ ഇഞ്ചിനിയർമാരിൽനിന്നും, സൂപ്പർവൈസർമാരിൽനിന്നും ആക്ഷേപങ്ങൾക്കും നിന്ദാവചനങ്ങൾക്കും ശകാരവർഷങ്ങൾക്കും ഒരു കുറവുമുണ്ടായിരുന്നില്ല. വർക്ക്സൈറ്റിലുണ്ടായ ചെറിയ കശപിശകൾക്കും, വാഗ്വാദങ്ങൾക്കുമൊടുവിൽ ഞാൻ സൈറ്റിൽ പോകാതെയായി. ഇതിനിടയിൽ ഏതാണ്ട് രണ്ടരമാസത്തെ ശബളം താരാതെയുമായി. ശബളം കിട്ടാതെ വന്നപ്പോൾ എന്റെ പ്രതിസന്ധികൾ ഏറുകയും കമ്പനിയിൽ തുടരുവാനുള്ള എന്റെ ആഗ്രഹങ്ങളുമില്ലാതെയായി. അങ്ങനെ മാനേജരെ ചീത്തവിളിച്ചുകൊണ്ട് കമ്പിനിയിൽനിന്നും രാജിവെയ്ക്കുവാനിടയായി, ഏതാനും ദിവസങ്ങൾക്കൊടുവിൽ നാട്ടിലെത്തുകയും ചെയ്തു. നാട്ടിലെത്തിയ ഞാൻ നാട്ടുകാരുടെ ആക്ഷേപശരങ്ങൾ സഹിക്കവയ്യാതെ 2014 ഏപ്രിൽ മാസമൊടുവിൽ വീണ്ടും വിസിറ്റിൽ എത്തുകയും, ഒരു മാസത്തെ ജോലിയന്വേഷണത്തിൽ ജോലി കിട്ടാതെ വന്നപ്പോൾ വീണ്ടും വിസിറ്റ് കാലാവധി നീട്ടിയെടുത്തുകൊണ്ട് അന്വേഷണം തുടർന്നു.

അന്ന് അൽഖൂസിൽ താമസിച്ചിരുന്ന ഞാൻ ദിവസവും പള്ളിയിൽ പോകുവാനാരംഭിച്ചു. രാവിലെ ആവശ്യമായ ഭക്ഷണം തയ്യാറാക്കിയശേഷം പള്ളിയിൽ എത്തി ഉച്ചയ്ക്കുള്ള കുർബാനയ്ക്കുശേഷം നിത്യാരാധന ചാപ്പലിൽ ഇരിക്കും. ഇതു പതിവായിരുന്നു. വൈകുന്നേരങ്ങളിൽ റൂമിലിരുന്ന് ബയോഡാറ്റ അയയ്ക്കും. അങ്ങനെ കേവലം രണ്ടാഴ്ച്ച ബാക്കി നിൽക്കെ എന്റെ ആവലാതികളും, വിഷമങ്ങളും കൂടികൂടിവന്നു. ഒരു ദിവസം വൈകിട്ട് ഒറ്റയ്ക്കുള്ള റൂമിൽ കിടന്നശേഷം, കടുത്ത ആകുലതകൾക്കിടയിൽ

തുടർച്ച... പേജ് 9

# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

**342. നാമെല്ലാവരും "വിശുദ്ധർ" ആകാൻ നിശ്ചയിക്കപ്പെട്ടവരാണോ ?**

അതെ, നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം ദൈവത്തോട് സ്നേഹത്തിൽ ഐക്യപ്പെട്ടിരിക്കുകയും ദൈവത്തിന്റെ ആഗ്രഹങ്ങളോട് പൂർണ്ണമായി ചേർന്നിരിക്കുകയും ചെയ്യുകയെന്നതാണ്. ദൈവത്തിനു "തന്റെ ജീവിതം നമ്മിൽ നയിക്കാൻ" നാം അനുവദിക്കണം. (മദർ തെരേസ) അതാണ് പരിശുദ്ധരായിരിക്കുക, "വിശുദ്ധരായിരിക്കുക" എന്നതിന്റെ അർത്ഥം. (2012-2016, 20282029)
ഓരോ മനുഷ്യനും തന്നോടു തന്നെ ഇങ്ങനെ ചോദിക്കുന്നു:
"ഞാൻ ആരാണ്? ഞാൻ എന്തുകൊണ്ടാണ് ഇവിടെയായിരിക്കുന്നത്? ഞാൻ എന്നെത്തന്നെ എങ്ങനെ കണ്ടെത്തും?" വിശ്വാസം ഇങ്ങനെ ഉത്തരം പറയുന്നു: ദൈവം മനുഷ്യനെ എന്തിനു വേണ്ടി സൃഷ്ടിച്ചുവോ അത് വിശുദ്ധിയിലൂടെ മാത്രമേ നേടാൻ കഴിയുകയുള്ളൂ. താനും തന്റെ സ്രഷ്ടാവും തമ്മിലുള്ള യഥാർത്ഥ ചേർച്ച വിശുദ്ധിയിൽ മാത്രമേ മനുഷ്യൻ കണ്ടെത്തുകയുള്ളൂ. എന്നാൽ വിശുദ്ധി ഒരു തരം സ്വയംകൃത പൂർണ്ണതയല്ല. പിന്നെയോ അത് മനുഷ്യാവതാരം ചെയ്ത ക്രിസ്തുവുമായുള്ള ഐക്യമാണ്. ഈ വിധത്തിൽ നവജീവൻ നേടുന്ന ഏതു വ്യക്തിയും തന്നത്തന്നെ കണ്ടെത്തുകയും വിശുദ്ധനായിത്തീരുകയും ചെയ്യുന്നു.

*ലേഖനം തുടർച്ച... പേജ് 5*

സഭ അവരെ വണങ്ങുവാൻ കാരണമാക്കിയത്. നമ്മളും വ്യത്യസ്തത തേടുന്നവരല്ലേ? എന്തേ എന്റ ഇടവകമദ്ധ്യസ്ഥന്റെ / മദ്ധ്യസ്ഥയുടെ ജീവിതം അനുകരിച്ചുകൊണ്ട് സമൂഹത്തിൽ വ്യത്യസ്ഥരാകാൻ ശ്രമിക്കുന്നില്ല? അമ്പുപെരുന്നാളിന് അലങ്കാര ബൾബുകൊണ്ട് ഭവനത്തെ അലങ്കരിക്കാൻ ഉത്സാഹപ്പെടുന്നവർ എന്തേ സ്വന്തം ജീവിതത്തെ വിശുദ്ധികൊണ്ട് അലങ്കരിക്കുന്നില്ല. ക്രിസ്തുവിനെയും സഭയെയും തള്ളിപ്പറയാതിരുന്നതിന് ആണ് വി. സെബസ്ത്യാനോസ് ശരീരത്തിൽ അമ്പുകളേറ്റത്. പ്രദക്ഷിണത്തിന് മോടി കൂട്ടുവാൻ അൽപം മദ്യം അകത്താക്കി അമ്പുകളും പിടിച്ചുകൊണ്ട് അയൽക്കാരന്റെ മാലപടക്കത്തിന്റെ നീളം അളന്ന് നടക്കുന്ന നമ്മുടെ യുവത്വങ്ങൾ ഇത് മനസ്സിലാക്കിയിരുന്നെങ്കിൽ. ദൈവം ജീവിതത്തിൽ തന്ന സഹനങ്ങളെ സന്തോഷപൂർവ്വം സ്വീകരിച്ച് ക്രിസ്തുവിലേക്ക് കൂടുതൽ അടുത്തവളാണ് വി.അൽഫോൻസാ. ക്ഷണികമായ സഹനങ്ങൾ ജീവിതത്തിൽ ഉണ്ടാകുമ്പോൾ അതേ വിശുദ്ധയുടെ അടുത്തേക്ക് സഹനങ്ങൾ മാറിപോകുന്നതിനായി നൊവേനയുമായി ഓടിക്കൂടുന്ന വിശ്വാസികൾ. എന്തൊരു വിരോധാഭാസം അല്ലേ.? വിശുദ്ധയെപ്പോലെ ഈ സഹനങ്ങളെ ക്രിസ്തുവിലേക്ക് അടുക്കാനുള്ള മാർഗ്ഗമായി കാണാൻ ഈ നൊവേനകൾ നമ്മെ സഹായിക്കട്ടെ.

പ്രിയപ്പെട്ടവരെ, നമുക്ക് എല്ലാം വേണം. ആഘോഷങ്ങളും ഭക്താനുഷ്ടാനങ്ങളും എല്ലാം. പക്ഷേ ഇവയെല്ലാം നമ്മളെ ആത്മീയമായി എവിടെ എത്തിക്കുന്നു എന്നുകൂടി ചിന്തിക്കണം. നമ്മൾ പ്രാർത്ഥിക്കുമ്പോൾ വിശുദ്ധരിലേക്ക് തിരിയുന്നത് എങ്ങനെ സഹായകരമാകുമെന്ന് സഭ നമ്മെ പഠിപ്പിക്കുന്നു. വിശുദ്ധർ പരിശുദ്ധാത്മാവിനാൽ കത്തി ജ്വലിക്കുന്നവർ ആണ്. അവർ സഭയിൽ ദൈവാഗ്നി ജ്വലിപ്പിച്ചവർ

തുടർച്ച... പേജ് 10

ഞാൻ ഞെട്ടിയെഴുന്നേൽക്കുകയുണ്ടായി. ബെഡിൽനിന്നും എന്റെ പേഴ്സണൽ ബൈബിൾ എടുത്തുവച്ചു വായിച്ചു. ബൈബിൾ അടച്ചു വച്ചതിനുശേഷം ലാപ്ടോപ് തുറന്ന് എന്നോട് ആരോ പറയുന്നുവെന്നവണ്ണം യൂട്യൂബ് തുറന്ന് കുറച്ചേറെ മാസങ്ങൾക്കുമുൻപ് റെക്കോർഡ് ചെയ്തിട്ടുള്ള ഡൊമിനിക് വാളമ്നാലച്ചന്റെ വചനപ്രഘോഷണ പ്രോഗ്രാം എടുത്തുവച്ചു കണ്ടുകൊണ്ടിരുന്നു. വചനശുശ്രൂഷയ്ക്കുശേഷം ദിവ്യകാരുണ്യ ഈശോയെ എഴുന്നള്ളിച്ചുള്ള ആരാധനയ്ക്കു ഞാൻ ബെഡിൽനിന്നും താഴെയിറങ്ങി. മുട്ടുകുത്തി; കൈകൾ വിരിച്ച്, കണ്ണീരോടുകൂടി പങ്കുചേർന്നു. വളരെയധികം വിഷമത്തോടുകൂടി കമ്പ്യൂട്ടറിൽ കാണുന്ന ദിവ്യകാരുണ്യനാഥനോട് ഞാൻ ഇപ്രകാരം പറഞ്ഞു. "ഓ ദിവ്യകാരുണ്യനാഥാ നിനക്ക് എന്നോട് ഒരിത്തിരി സ്നേഹമുണ്ടെങ്കിൽ എന്റെ പേര് അച്ചനിലൂടെ വിളിച്ചുപറയണം." അതിനുശേഷം ഏതാണ്ട് 30 സെക്കൻഡുകൾക്കൊടുവിൽ എന്റെ പേര് അച്ചനിലൂടെ ഈശോ പറയുകയുണ്ടായി. അതേ തുടർന്നു ഞാൻ ബൈബിൾ എടുത്തുവായിക്കുകയും സങ്കീ 118:8 വചനത്തിലൂടെ ഈശോ എന്നെ ആശ്വസിപ്പിക്കുകയും ചെയ്തു. ബൈബിൾ അടച്ചുവച്ചതിനുശേഷം ഞാൻ കിടക്കുവാനൊരുങ്ങി. അപ്പോൾ എന്റെ കാതിൽ ഒരു സ്വരം പതിഞ്ഞു. " ഈ ദിവസങ്ങളിൽ ഞാൻ നിന്നെ സന്ദർശിക്കും, അപ്പോൾ നീ മനസ്സിലാക്കും ഞാൻ ആരാണെന്ന് " അങ്ങനെ ഞാൻ അതിരാവിലെ ഈശോയെ കാണുവാനുള്ള അതിയായ ആഗ്രഹത്തോടെ തിടുക്കത്തിൽ പള്ളിയിലേക്കു പോയി.

വി. കുർബാനയിൽ സംബന്ധിച്ചശേഷം ചാപ്പലിൽപോയി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഏകദേശം 4 മണിയായപ്പോൾ ചാപ്പലിന്റെ മുൻവശത്തുനിന്നും ഒരു ചേട്ടൻ എന്നെ തിരിഞ്ഞുനോക്കുവാൻ തുടങ്ങി. ഞാൻ തുടർന്നും ബൈബിൾ എടുത്തുവച്ചുകൊണ്ട് വായിക്കുമ്പോൾ, ചേട്ടൻ എന്റെ മുമ്പിലേക്ക് വന്നതിനുശേഷം ഒരു ചെറിയ കടലാസ് എന്റെ ബൈബിളിലേക്ക് ഇട്ടുതന്നു. അതിൽ ഇപ്രകാരം എഴുതിയിരുന്നു." ജോഷ്വാ 3:5 " അതിനുശേഷം ചേട്ടൻ വാതിൽ തുറന്ന് ഇറങ്ങിപ്പോയി. ഞാൻ ആ വചനഭാഗം വായിച്ചമാത്രയിൽ, തലേദിവസം ഈശോ എന്റെ കാതുകളിൽ മന്ത്രിച്ചകാര്യം ഓർമ്മ വന്നു. ഞാൻ അവിടെയിരുന്നു കണ്ണുനീർ തുടച്ചുകൊണ്ട് വചനം ധ്യാനിച്ചു പ്രാർത്ഥിച്ചു. ഏകദേശം 5.30 മണിക്ക് ഞാൻ ബൈബിൾ എടുത്തു ബാഗിൽ വച്ചശേഷം ചാപ്പൽ വിട്ടിറങ്ങി. പുറത്തേക്കിറങ്ങിയ എന്നേയും പ്രതീക്ഷിച്ചുകൊണ്ട് ആ ചേട്ടൻ പുറത്ത് ബെഞ്ചിൽ ഇരിപ്പുണ്ടായിരുന്നു. അവിടെയിരുന്നുകൊണ്ട് എന്നെ വിളിച്ചു. പരിചയക്കുറവുമൂലം രണ്ടുപ്രാവശ്യത്തെ വിളിക്കൊടുവിൽ ഞാൻ അടുത്തേക്കു ചെന്നു. തുടർന്ന് കൗൺസിലിങ്ങിലൂടെ കടന്നുപോവുകയും അടുത്ത ദിവസം തന്നെ നല്ലൊരു കുമ്പസാരം നടത്തുവാനും സാധിച്ചു. ഏതാനും ദിവസങ്ങൾക്കുള്ളിൽ ജോലിയും ലഭിച്ചു ഞാൻ നാട്ടിലേക്കു മടങ്ങി. തിരികെ നവംബർ മാസം പുതിയ ജോലിയിൽ പ്രവേശിക്കുവാനും, ഈശോയുമായി ഗാഢമായ ബന്ധത്തിൽ ആഴപ്പെടുവാനും അതേതുടർന്ന് ജീസസ്സ് യൂത്ത് കൂട്ടായ്മയിലേക്ക് കടന്നു വരുവാനും ഈശോയ്ക്കുവേണ്ടി അനേകം ആത്മാക്കളെ നേടുവാനുള്ള യാത്ര തുടരുകയും ചെയ്യുന്നു.

**ഹൃദ്യസ്ഥമാക്കാൻ ഒരു വചനം**

**"ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം."**

**(മത്തായി 9:12)**

## പ്രാർത്ഥനാ സഹായം




തൂലിക വെബ് സൈറ്റിലൂടെയും പ്രാർത്ഥനാസഹായം തേടാം നിങ്ങൾ ചെയേണ്ടത് ഇത്ര മാത്രം. www.thoolikaa.net സന്ദർശിക്കുക. ഇതിൽ കാണുന്നതുപോലുള്ള പ്രാർത്ഥനാസഹായ ഫോം പൂരിപ്പിക്കുക. ജീസസ് യൂത്ത് മിനിസ്ട്രികളുടെ പ്രാർത്ഥനകളോടൊപ്പം നിങ്ങളുടെ വിലയേറിയ നിയോഗങ്ങൾ കൂട്ടായ്മയിൽ സമർപ്പിക്കുന്നതാണ്.

## കഴിവുകളെ കർത്താവിനു വേണ്ടി ഉപയോഗിക്കാം...

നിങ്ങൾക്ക് ദൈവം തന്നിരിക്കുന്ന കഴിവുകളെ സുവിശേഷപ്രഘോഷണത്തിനായ് ഉപയോഗിക്കാമോ ? മലയാളം ടൈപ്പിങ്ങ് അറിയാവുന്നവരും ഗ്രാഫിക് ഡിസൈനേഴ്സും വരിക. ജീസസ് യൂത്ത് മീഡിയാ മിനിസട്രിയോട് ഒന്നുചേർന്ന് നമുക്ക് പ്രവർത്തിക്കാം.. Contact : 056 789 3331, 055 741 2253

## പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക. ജീസസ്സ് യൂത്തിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഓറിയന്റേഷൻ ക്ലാസ്സ് ഉടനെ നടക്കുന്നതാണ്. വെൽക്കം മിനിസ്ട്രിയംഗങ്ങൾ നിങ്ങളെ അക്കാര്യം വിളിച്ചറിയിക്കുമ്പോൾ താൽപര്യപൂർവ്വം പങ്കെടുക്കാൻ ശ്രദ്ധിക്കണേ...)

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേക്ക് info@thoolikaa.net എന്ന ഈ-മെയിലിലൂടെ അയച്ചു തരുമല്ലോ?

## മലയാളം കുമ്പസാരം

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിന്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

ലേഖനം തുടർച്ച... പേജ് 9

ആണ്. ഇന്നും ജ്വലിപ്പിച്ചുകൊണ്ടിരിക്കുന്നു. നാം അവരോട് അടുത്തായിരിക്കുമ്പോൾ പ്രാർത്ഥിക്കാൻ എളുപ്പമാണ്

അതേ പ്രിയപ്പെട്ടവരെ, നമ്മൾക്ക് ഇനിയും പെരുന്നാളുകൾ വേണം, നൊവേനകൾ വേണം പക്ഷെ ഇവയെല്ലാം ഈ വിശുദ്ധരുടെ ജീവിതത്തെ അടുത്തറിയാൻ കാരണമാക്കുന്നത് ആയിരിക്കണം. ആ അറിവ് സ്വന്തം ജീവിതത്തിലേക്ക്ക പകർത്തുന്നതിന് പ്രചോദനം നൽകണം. അപ്പോൾ കാണാം ഓരോ മുക്കിലും മൂലയിലും നിന്നും വിശുദ്ധർ മുളച്ചു പൊന്തുന്നത്. പ്രാർത്ഥിക്കാം കാത്തിരിക്കാ കാലത്തിന്റെ പൊളിച്ചെഴുത്തുകൾക്കായി.

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm
(children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am,
12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am,
12 noon & 7:00 pm

## കോർഡിനേറ്റേഴ്സ്

ഫാമിലി - ബെന്നി ആലഞ്ചേരി - 05 690 2721

ഫോർമേഷൻ - ഷാരോൺ 052 160 3818

*(LSS, Philip Course & Paul Course)*

## ദിവ്യബലി സമയം - മലയാളം

സെന്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്

ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്

നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്

മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മദ്ധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

## ജീസസ് യൂത്ത് - ദുബായ്

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മദ്ധ്യസ്ഥപ്രാർത്ഥന:**
എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)



"I will spend my *heaven* by doing *Good on Earth*"

**St. Therese of Lisieux**




Jesus Youth
DUBAI

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Jobin Augustine for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Anil V.Antony
**Editor** : Rijo Manimala **Cover** : Rinto Varghese
**E-mail** : info@thoolikaa.net **Web** : http://thoolikaa.net